# അഞ്ജന ഹരീഷിന്റെ മരണം: സമഗ്രമായ അന്വേഷണം വേണം

**സംയുക്ത പ്രസ്താവന**

**ക്വിയർ** വ്യക്തിയായ അഞ്ജന ഹരീഷ് എന്ന ചിന്നു സുൾഫീക്കറിന്റെ സ്ഥാപനവൽകൃത കൊലപാതകത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടക്കേണ്ടതുണ്ട്. വസ്തുതാപരവും സുതാര്യവും സ്വതന്ത്രവും നീതിപൂർവവുമായ ബാഹ്യസ്വാധീനങ്ങൾക്കു വഴങ്ങാത്ത അന്വേഷണത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. സമൂഹത്തിൽ ആഴത്തിൽ വേരോടിയ ക്വിയർ ഫോബിയക്കെതിരെയും മറ്റനവധി വിവേചനങ്ങൾക്കെതിരെയും ലൈംഗിക ന്യൂനപക്ഷ സമുദായങ്ങൾ രാഷ്ട്രീയ നിയമനിർമാണ മേഖലയിൽ പോരാടുന്ന സന്ദർഭമാണിത്. ഷെൽട്ടർ ഹോം അടക്കമുള്ള സാമൂഹിക സുരക്ഷയുടെ പല മാർഗങ്ങൾ തേടി സമരവും നടത്തുന്നുണ്ട്. എന്നാൽ അത്തരം മുൻഗണനകളെ മുഴുവൻ അട്ടിമറിച്ചാണ് ഇപ്പോൾ പ്രചാരണങ്ങൾ വികസിക്കുന്നത്. നിഷ്പക്ഷമായ അന്വേഷണങ്ങളെ മറികടന്നുകൊണ്ട് അഞ്ജനയുടെ സുഹൃത്തുക്കളായ ഗാർഗി, നസീമ, ശബരി, ആതിര, സുൾഫത്ത് തുടങ്ങിയവർക്കെതിരെ നടക്കുന്ന ആൾക്കൂട്ട വിചാരണയും സാമൂഹിക ബഹിഷ്കരണാഹ്വാനവും മാധ്യമ വേട്ടയും ജനാധിപത്യ മര്യാദയോ നീതിയുടെ താൽപര്യത്തിന്റെ ഭാഗമോ അല്ല. ക്വിയർ ബഹുജൻ മുസ്‌ലിം ഫെമിനിസ്റ്റ് സാമൂഹിക സ്ഥാനങ്ങളിൽ രാഷ്ട്രീയപരമായി നിൽക്കുന്ന ഗാർഗിയും നസീമയും ഡിസബിലിറ്റി റൈറ്റ്സ് ആക്ടിവിസ്റ്റായ ശബരിയും ദലിത് വിദ്യാർഥിയായ ആതിരയും ക്വിയർ മുസ്‌ലിം രാഷ്ട്രീയമുള്ള സുൾഫത്തും വ്യക്തികൾ എന്ന നിലക്കും രാഷ്ട്രീയ സാമുദായിക നിലപാടിന്റെ പേരിലും കടുത്ത അവഹേളനത്തിനും വിദ്വേഷ പ്രചാരണത്തിനും വിധേയമായിക്കൊണ്ടിരിക്കുന്നു. നേരത്തേയും ഇത്തരം ആൾകൂട്ട വിചാരണക്കും വ്യക്തിഹത്യക്കും വിധേയരായവരാണിവർ. ഈ സംഭവത്തെ മുൻനിർത്തി ക്വിയർ കമ്യൂണിറ്റിയെപ്പറ്റി സവിശേഷ മുൻവിധികളും വെറുപ്പും വ്യാപകമായി വികസിക്കുന്നു. വ്യാജ പ്രചാരണം നടത്തുന്ന സംഘപരിവാർ അനുകൂല പ്രവർത്തകരും മാധ്യമങ്ങളും ഹോമോഫോബിയയും ഇസ്‌ലാമോഫോബിയയുമാണ് പ്രചരിപ്പിക്കുന്നത്. ക്വിയർ രാഷ്ട്രീയ ഉള്ളടക്കമുള്ള സ്വതന്ത്ര കൂട്ടായ്മകൾക്കെതിരെ വസ്തുതാ വിരുദ്ധമായ കാര്യങ്ങൾ അവർ നിരന്തരം പ്രചരിപ്പിക്കുന്നു. എന്നാൽ ഇതേ ക്യാമ്പയിൻ ഏറ്റെടുക്കുന്ന ഒരു വിഭാഗം എസ്.എഫ്.ഐ പ്രവർത്തകർ പ്രതികാര ബുദ്ധിയോടെ ഊഹാപോഹങ്ങൾ പ്രചരിപ്പിക്കുകയാണ് ചെയ്യുന്നത്. ഹോമോഫോബിയയുടെ പ്രചാരകരായ ഭൂരിപക്ഷവാദികളുടെ അധികാരമാണ് ഇതിലൂടെ നിരന്തരം പുറത്തു വരുന്നത്. ഇടതു പാർട്ടികളുടെ സവിശേഷ സദാചാരബോധത്തെ മുൻനിർത്തി വ്യത്യസ്തരെയും വിമതരെയും പഴിചാരാനും വ്യക്തിഹത്യ നടത്താനുമാണ് അവർ ശ്രമിക്കുന്നത്. വ്യത്യസ്ത രാഷ്ട്രീയമുള്ള വ്യക്തികളുടെ സ്വകാര്യതയെയും വ്യക്തി അവകാശങ്ങളെയും അഭിമാനത്തെയും ഹനിക്കുന്ന തരത്തിലുള്ള പ്രചാരണം ഫാസിസത്തിന്റെ ഉൽപന്നമാണ്. ഇതേറ്റെടുത്ത ഒരു വിഭാഗം മുഖ്യധാരാ മാധ്യമങ്ങൾ സ്ഥാപിത താൽപര്യത്തിന്റെ ഭാഗമായി സാമൂഹിക മുൻവിധികളുടെ പ്രചാരകരാകുകയും ചെയ്യുന്നു. ഇതിലൂടെ ക്വിയർ, ദലിത് ബഹുജൻ, മുസ്‌ലിം, ഡിസബിലിറ്റി റൈറ്റ്സ് രാഷ്ട്രീയമുള്ള വ്യക്തികൾ വിദ്വേഷവും വെറുപ്പും നിറഞ്ഞ സാമൂഹികാന്തരീക്ഷത്തിന്റെയും ബഹുവിധ മാനങ്ങളുള്ള ഹിംസയുടെയും ബഹിഷ്കരണത്തിന്റെയും ലക്ഷ്യമായിത്തീരുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ഞങ്ങൾ ആവശ്യപ്പെടുകയാണ്:

ഒന്ന്, രാഷ്ട്രീയ വിയോജിപ്പുകളെ സംവാദാത്മകമായി കാണാൻ തയ്യാറാവണം. പൊതു സംവാദങ്ങളിൽ വിചാരണയുടെയുടെയും ഭീഷണിയുടെയും ഭാഷ കയ്യൊഴിയാനും വ്യത്യസ്തതകൾക്ക് ഇടമുള്ള ജനാധിപത്യ വിമർശന സംസ്കാരം വികസിപ്പിക്കാനും കഴിയണം. രണ്ട്, നിയമപരമായ അന്വേഷണത്തിനും വിചാരണക്കും മുന്നേ ഗാർഗി, നസീമ, ശബരി, ആതിര, സുൾഫത്ത് തുടങ്ങിയ വ്യക്തികളെ കേന്ദ്രീകരിച്ചു നടക്കുന്ന സൈബർ ആൾക്കൂട്ട വിചാരണയും വ്യാജ പ്രചാരണങ്ങളും മാധ്യമ വേട്ടയും നിർത്തിവെക്കണം. മൂന്ന്, അഞ്ജന തന്റെ തുറന്നു പറച്ചിലിൽ വ്യക്തമാക്കിയതു പോലെ ഹിന്ദു ഡെമോക്രാറ്റിക് ഫ്രണ്ട് പോലുള്ള ഹിന്ദുത്വ സംഘടനകൾ ചികിത്സ എന്ന പേരിൽ നടത്തുന്ന സെക്ഷ്വൽ ഓറിയന്റേഷൻ കൺവേർഷൻ തെറാപ്പി കേന്ദ്രങ്ങളെപ്പറ്റി വിശദമായി അന്വേഷിക്കണം. അത്തരം കേന്ദ്രങ്ങൾ അടച്ചു പൂട്ടാനുള്ള നടപടികൾ സ്വീകരിക്കണം. ■


**കേരളീയം ഡിജിറ്റൽ ആർക്കൈവ്**

1998 നവംബർ മുതൽ പ്രസിദ്ധീകരിക്കുന്ന
കേരളീയം മാസികയുടെ ഡിജിറ്റൽ കോപ്പികൾ
നിങ്ങൾക്ക് സൗജന്യമായി ലഭ്യമാണ്. വിഷയാടിസ്ഥാനത്തിൽ തിരയുന്നതിനും ലേഖനങ്ങൾ പ്രത്യേകം
ഡൗൺലോഡ് ചെയ്യുന്നതിനും
കോപ്പി ലെഫ്റ്റ് ലൈസൻസിൽ പ്രവർത്തിക്കുന്ന
ഈ ഡിജിറ്റൽ ആർക്കൈവ്
സൗകര്യമൊരുക്കുന്നു. സന്ദർശിക്കുക:



www.keraleeyammasika.com



**കേരളീയം**
**വരിസംഖ്യ അയയ്ക്കുമല്ലോ**

**വാർഷിക വരിസംഖ്യ (12 ലക്കം) :**
**ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ**
**വിദേശത്തേക്ക് : 1200 രൂപ.**
**കൂട്ടായ്മ അംഗത്വം : 15,000 രൂപ.**
**ആജീവനാന്ത വരിസംഖ്യ : 10,000 രൂപ.**

കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന,
പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

*ബന്ധങ്ങൾക്ക് :*

**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446586943